Santhigiri

ഗുരുവാണി

"അതിയായ സന്തോഷം, അസൂയ ഇവ ഭയപ്പെടേണ്ട വസ്തുക്കളായി സൂക്ഷിച്ചുകൊള്ളുക. എന്തെന്നാൽ അവ നിങ്ങളെ ഈശ്വരനിൽ നിന്ന് അകറ്റും. "

# ഉമ്മിണിതങ്കം

VOL 04 | ISSUE 13 | 2018 മാർച്ച് 25 | 1193 മീനം 11

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## ശാന്തിഗിരി ആയുർവേദ–സിദ്ധ വൈദ്യശാലയ്ക്ക് റിപ്പോർട്ടർ ടി.വി. പുരസ്കാരം

**കൊച്ചി:** ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാലയ്ക്ക് റിപ്പോർട്ടർ ടി.വി.യുടെ ബിസിനസ് റിലയബിലിറ്റി പുരസ്കാരം ലഭിച്ചു. കൊച്ചിയിൽ നടന്ന ചടങ്ങിൽ മന്ത്രി കെ.റ്റി. ജലീലിൽ നിന്ന് ആദരണീയ സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി പുരസ്കാരം ഏറ്റുവാങ്ങി. പാരമ്പര്യ തനിമ നഷ്ടപ്പെടാതെ ആത്മീയാന്തരീക്ഷത്തിൽ തയ്യാറാക്കുന്ന ആയുർവേദ-സിദ്ധ മരുന്നുകളുടെ നിർമ്മാണവും വിപണനവുമാണ് ശാന്തിഗിരി വൈദ്യശാലയ്ക്ക് പുരസ്കാരം നേടിത്തന്നത്. വിവിധ മേഖലകളിൽ മികവു തെളിയിച്ച മലയാള ബിസിനസ് സംരംഭകർക്കും അവാർഡ് ലഭിച്ചു. ആഗോള കോർപ്പറേറ്റ് സ്ഥാപനങ്ങൾ എല്ലാ മേഖലകളിലും പിടിമുറുക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിൽ നിന്നുള്ള ബിസിനസ് സംരംഭകർ നടത്തുന്ന മികച്ച പ്രവർത്തനങ്ങളെ മന്ത്രി കെ.റ്റി. ജലീൽ ഉദ്ഘാടന പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

1974 ൽ നമ്മുടെ സർവ്വസ്വമായ ഗുരുവിനാൽ സ്ഥാപിതമായ ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാല (എസ്.എ.എസ്.വി.) ഗുരുവിന്റെ നവ ആരോഗ്യ ധർമ്മ സിദ്ധാന്തം പ്രയോഗത്തിൽ വരുത്തുന്നത് ലക്ഷ്യമിടുന്നു. എല്ലാവിധ ചികിത്സാ ശാസ്ത്രങ്ങളെയും ആദരിച്ചുകൊണ്ടുള്ള ചികിത്സാ ആശയമാണ് നവ ആരോഗ്യ ധർമ്മ സിദ്ധാന്തം.




*മന്ത്രി കെ.റ്റി. ജലീലിൽ നിന്ന് സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി പുരസ്കാരം ഏറ്റുവാങ്ങുന്നു*

ചികിത്സിച്ചാലും ഭേദമാകാത്ത മാറാരോഗങ്ങളുടെ അടിസ്ഥാന കാരണം ജീവനിൽ അണഞ്ഞുനില്ക്കുന്ന ജന്മാന്തര കർമ്മദോഷങ്ങളാണ്. ഇത് മനസിലാക്കിയുള്ള ചികിത്സയാണ് ആത്മജ്ഞാനത്തിൽ അധിഷ്ഠിതമായ ഋഷിമാരുടെ ചികിത്സാശാസ്ത്രം മുന്നോട്ടു വയ്ക്കുന്നത്. ശരീരത്തെയും ജീവനെയും ഒരുപോലെ ചികിത്സിക്കുന്ന സമ്പ്രദായമാണിത്. ഇന്ത്യയുടെ പാരമ്പര്യത്തിന്റെ ഭാഗമായ ഈ സംവിധാനത്തിന്റെ പുനരവതരണമാണ് ഗുരു ശാന്തിഗിരിയിൽ നടത്തിയിരിക്കുന്നത്.

ശാന്തിഗിരി ഗുരുപരമ്പരയുടെ ശുദ്ധീകരണത്തിന് ഗുരു ഒരുക്കിയ കർമ്മമണ്ഡലങ്ങളിൽ പ്രഥമസ്ഥാനം ആയുർവേദ - സിദ്ധശാസ്ത്രങ്ങളുടെയും ഔഷധങ്ങളുടെയും നവീകരണവും മനുഷ്യസേവനാർത്ഥം അതിന്റെ പ്രചാരണവുമാണ്. ഇതിൽ സുപ്രധാന പങ്കുവഹിക്കുന്ന സ്ഥാപനമാണ് ശാന്തിഗിരി വൈദ്യശാല.

ഇപ്പോൾ ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഒരു യൂണിറ്റാണ് ശാന്തിഗിരി വൈദ്യശാല. മുന്നൂറോളം കർമ്മചാരികൾ ഇവിടെ സേവനം ചെയ്തുവരുന്നു. 1986 ൽ ഹെൽത്ത്കെയർ സോണിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിനു സമീപം എസ്.എ.എസ്.വി.യുടെ മരുന്ന് ഉല്പാദന പ്ലാന്റ് സ്ഥാപിതമായി. ഇപ്പോൾ 203 പാരമ്പര്യ ആയുർവേദ മരുന്നുകളും 106 പാരമ്പര്യ സിദ്ധ മരുന്നുകളും എസ്.എസ്.എസ്.വി. നിർമ്മിക്കുന്നുണ്ട്. കൂടാതെ 76 തനത് മരുന്നുകളും എസ്.എ.എസ്.വി. നിർമ്മിച്ചുവരുന്നു. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയാണ് ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാലയുടെ ഇൻചാർജ്.

## ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ച് വാർഷികം ആഘോഷിച്ചു

**കൊട്ടാരക്കര:** ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിന്റെ നാലാമത് വാർഷികം പ്രാർത്ഥനാനിർഭരമായി ആഘോഷിച്ചു. രാവിലെ ഒമ്പതുമണിക്ക് നടന്ന വാർഷിക സമ്മേളനം ജില്ലാ പഞ്ചായത്തംഗം ആർ. രശ്മി നിർവഹിച്ചു. ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി മഹനീയസാന്നിധ്യമായിരുന്നു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ചു. ഗുരുശിഷ്യ ബന്ധത്തിന്റെ മഹനീയത ലോകത്തിനു പകർന്നുനല്കിക്കൊണ്ട് ജാതി മത വർഗ്ഗ വർണ്ണ വ്യതാസങ്ങൾക്കതീതമായി മാനവരാശിക്ക് ഒരുമിച്ചുനിന്നു പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി ശാന്തിഗിരി നിലകൊള്ളുന്നു എന്ന് സ്വാമി ചൈതന്യ ജ്ഞാനതപസ്വി ചൂണ്ടിക്കാട്ടി.

ചടങ്ങിൽ റവ. ഫാ. ഷാജി എം. തോമസ് (ബഥേൽ മാർത്തോമാ ചർച്ച്), സുബൈർ മുസലിയാർ (ഇമാം, കോട്ടപ്പുറം മുസ്ലിം ജമാഅത്ത്) എന്നിവർക്ക് പുറമെ സാംസ്കാരിക സാമൂഹികരംഗത്തു പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങളും പങ്കെടുത്തു. ബ്രാഞ്ചാശ്രമം വാർഷികത്തോടനുബന്ധിച്ചു 'സ്തുതി' കവിതാവിഷ്കാര സി.ഡി. പ്രകാശനം നടന്നു. മാസ്റ്റർ അജാസിന് ആദ്യകോപ്പി നൽകിക്കൊണ്ട് പ്രകാശനം നിർവഹിച്ചു. വൈകിട്ട് 6 മണിയ്ക്ക് നടന്ന ദീപപ്രദക്ഷിണത്തിൽ നൂറിലേറെ ഗുരുഭക്തർ പ്രാർത്ഥനാപൂർവ്വം പങ്കെടുത്ത് ധന്യത നേടി.



*ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ച് വാർഷിക സമ്മേളനത്തിൽ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, സ്വാമി ചൈതന്യ ജ്ഞാനതപസ്വി, വിശിഷ്ടാതിഥികൾ തുടങ്ങിയവർ*

## ശാന്തിഗിരി പോസ്റ്റ് സ്ട്രോക്ക് ക്ലിനിക്കുകൾക്ക് തുടക്കമായി

**തിരുവനന്തപുരം:** ശാസ്തമംഗലത്ത് ആരംഭിച്ച ശാന്തിഗിരി പോസ്റ്റ് സ്ട്രോക്ക് ക്ലിനിക്ക് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. സബീർ തിരുമല, ഹരീഷ് റാം, എസ്. സേതുനാഥ് തുടങ്ങിയവർ പങ്കെടുത്തു. ക്ലിനിക്കിലെ സേവനങ്ങൾക്ക് ഡോ. ബി. രാജ്കുമാർ, ഡോ. എൻ. ജയശ്രീ, ഡോ. ചിദംബരബാബു, ഡോ. വിഷ്ണു, ഡോ. ആരഭി മോഹൻ തുടങ്ങിയവർ നേതൃത്വം നല്കും. മസ്തിഷ്കാഘാതത്തെ തുടർന്നുണ്ടാകുന്ന പക്ഷാഘാതം, സംസാരിക്കാനും മനസിലാക്കാനുമുള്ള ബുദ്ധിമുട്ട്, പേശിക്ഷയം, മുഖം കോട്ടുന്ന അവസ്ഥ, മരവിപ്പ്, മാനസിക സമ്മർദ്ദം, മറ്റ് ശാരീരിക അസ്വാസ്ഥ്യങ്ങൾ എന്നിവയ്ക്കുള്ള ഫലപ്രദമായ ആയുർവേദ-സിദ്ധ വിഭാഗമാണ് ഇത്. രോഗികൾക്കായി കിടത്തി ചികിത്സയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ശാസ്തമംഗലം ശാന്തിഗിരി ആയുർവേദ-സിദ്ധ ഹോസ്പിറ്റലുമായി ബന്ധപ്പെടണം. ഫോൺ- 8111912007, 0471 2723340.

ചന്ദിരൂരിനു സമീപം എരമല്ലൂരിൽ ആരംഭിച്ച ശാന്തിഗിരി പോസ്റ്റ് സ്ട്രോക്ക് ക്ലിനിക്ക്



*ശാന്തിഗിരി പോസ്റ്റ് സ്ട്രോക്ക് ക്ലിനിക്ക് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

സർവാദരണീയ ജനനി അഭേദ ജ്ഞാനതപസ്വിനി ഉദ്ഘാടനം ചെയ്തു. എ. അബൂബക്കർ, മോഹൻദാസ് കെ.പി., സി. എൻ. സുരേഷ്, ഹരീഷ് റാം, രാജീവ് എസ്.വി., ഡോ. ഇസ അബൂബക്കർ, ഡോ. റിനു തുടങ്ങിയവർ സംബന്ധിച്ചു. പക്ഷാഘാത രോഗികളെ പ്രാഥമിക ചികിത്സകൾക്ക് ശേഷം വിവിധതരം ഫലപ്രദമായ ആയുർവേദ- സിദ്ധ പാരമ്പര്യ തുടർ ചികിത്സകളിലൂടെ ജീവിതത്തിലേക്ക് കൈപിടിച്ച് കൊണ്ടുവരിക എന്നതാണ് ശാന്തിഗിരി പോസ്റ്റ് സ്ട്രോക്ക് ക്ലിനിക്കിന്റെ ലക്ഷ്യം. ശാന്തിഗിരിയുടെ പ്രഗത്ഭരും അനുഭവസമ്പന്നരുമായ സ്പെഷ്യലിസ്റ് ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ഈ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്.

# ഗുരുവാണി

ഒരിക്കലും ഒരു നന്മയുടെ ഭാഗത്ത് പ്രവർത്തിച്ചെടുക്കാനുള്ള ഒരു കഴിവില്ലായ്മ വന്നിരിക്കുകയാണ്. നമ്മളെ എല്ലാവരെയും അറിവില്ലാത്തവരാക്കി മാറ്റിയിരിക്കുന്നതു പോലെ വന്നിരിക്കുകയാണ് ഈ കഴിവില്ലായ്മ. ഇതു മാറ്റിയെടുക്കണം. അതെങ്ങനെ മാറ്റിയെടുക്കാം എന്നാർക്കും മനസിലാകുന്നില്ല. ഇതു മനസിലാക്കി ജീവിക്കാൻ നിങ്ങൾക്ക് സ്വയം ഒരു കഴിവുണ്ടാകണം. ആ കഴിവ് ഉണ്ടായില്ലെങ്കിൽ എന്റെ കൂടെനിന്നു ജീവിച്ചാലും നിങ്ങൾ ചീത്തയാകും. അതായത് നിങ്ങൾക്ക് നിങ്ങളെ സ്വയം അറിഞ്ഞുപോകാൻ കഴിയാത്ത ഒരു ഗതികേടുണ്ടാകും. അതുകൊണ്ട് ഞങ്ങൾ ഇന്നരീതിയിൽ കഴിയും എന്നൊരു തീർപ്പുണ്ടാകണം. ആ തീർപ്പുണ്ടെങ്കിലേ നിങ്ങൾക്ക് പരസ്പരം അറിഞ്ഞുപോകാൻ കഴിയൂ. അതല്ലാതെ ഇത് എവിടെനിന്നെങ്കിലും കൊണ്ടുവന്നുകെട്ടി നന്നാക്കാം എന്നൊരു ധാരണ ആർക്കും വേണ്ട.

എന്തെങ്കിലും, ഒരു ജീവിതം കൊണ്ട് നേടിയെടുക്കും എന്നൊരു വാശി നിങ്ങൾക്കുണ്ടാകണം എന്നാണ് എന്റെ ആഗ്രഹം. എന്നോടൊത്ത് ജീവിക്കുമ്പോൾ ആ വാശി നിങ്ങൾക്കുണ്ടാകുന്നില്ലെങ്കിൽ പിന്നെ ഞാൻ ഇവിടെ നിന്നു മാറണം. പക്ഷെ അത് ഒരു ജീവിതത്തിനു ചേർന്നതല്ലാത്തതുകൊണ്ട് എനിക്കതു ചെയ്യാൻ കഴിയില്ല. ഈ ദൈവനിശ്ചയത്തോട് ഇണങ്ങി ജീവിക്കും എന്നൊരു തീർപ്പെടുക്കണം. അതല്ലെങ്കിൽ നിങ്ങൾ സ്വന്തമായി ജീവിക്കാനുള്ള ഒരു കരുതലായിട്ടു ചെയ്യണം. അല്ലെങ്കിൽ നിങ്ങൾ ആശ്രമത്തിലുമല്ല, വീട്ടിലുമല്ല എന്ന രീതിയിലാകും. ഞാൻ ഈ പറയുന്നത് നിങ്ങളുടെ ആവശ്യത്തിനല്ല എന്നു തോന്നുകയാണെങ്കിൽ എന്റെ ആവശ്യത്തിനാണെന്നു വിചാരിച്ചെങ്കിലും നിങ്ങൾ ചെയ്യണം. ഒന്നുകിൽ നിങ്ങൾക്കൊരു നല്ലത്, അല്ലെങ്കിൽ എനിക്ക്. നിങ്ങൾ ഒരിക്കലും ആശ്രമത്തിന്റെ നന്മ മാത്രം നോക്കി ആശ്രമജീവിതം കൊണ്ടുപോകരുത്. ഒപ്പം നിങ്ങളുടെ നന്മയും കൂടി കാണണം. നിങ്ങളുടെ നന്മയെ മുൻനിർത്തിയില്ലെങ്കിൽ ഇതൊന്നും ഉണ്ടാകാൻ പോകുന്നില്ല.

നിങ്ങളുടെ ഇടയിൽനിന്ന് ഒരാളുപോലും മാതൃകാപരമായി ഉയർന്നുവരാത്തത് എന്തുകൊണ്ട്? ഞാൻ പലപ്പോഴും നിങ്ങളോട് പറഞ്ഞിട്ടുണ്ട്, ഞാനുമായി ബന്ധപ്പെട്ട് കഴിയണമെന്ന് ആഗ്രഹിക്കുകയാണെങ്കിൽ ഒന്നുകിൽ നിങ്ങൾ ആശ്രമത്തിന്റേതായിട്ടു കഴിയുക അല്ലെങ്കിൽ ഇത് വിട്ടുനില്ക്കുക. വിട്ടുനില്ക്കുക എന്നുപറയുമ്പോൾ വന്നുപോകുന്നതിന് തടസ്സമുണ്ട് എന്നർത്ഥമില്ല. ഞാൻ നിങ്ങളോട് ഏറെ പറഞ്ഞിട്ടുണ്ട്, ഏറെ പറയാനുമുണ്ട്. പക്ഷെ വെറുതെ ഞാനെന്തിനു പറയുന്നു? പറഞ്ഞു നോവിക്കുന്നു? ഇതെന്റെ നോവാണ്. അതു നിങ്ങൾക്കു മനസിലാകുന്നില്ല. നിങ്ങളോട് എത്ര പറഞ്ഞാലും നിങ്ങളുടെ ജീവിതത്തിന്റെ പരുവക്കേടുമായി ഒത്തുപോകാനാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത്. ഈ ആശ്രമത്തിന്റെയും ദൈവം തന്ന ഈ ആശയത്തിന്റെയും മാന്യത പുലർത്താനുള്ള അറിവ് നിങ്ങൾക്കില്ല. അത് നിങ്ങളുടെ കുറ്റമല്ല. ഒരു ആശ്രമരീതിയിൽ- നമ്മൾ ഇന്നുവരെ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള ഒരു ആശ്രമരീതിയാണിത്. യുഗധർമ്മം അനുസരിക്കുന്ന ഒരു ആശ്രമരീതി ഇതിനു മുമ്പൊരിക്കലും വന്നിട്ടില്ല. അതുകൊണ്ട് ഇന്നുവരെ ആർക്കും ഒന്നു തിരിച്ചുപറഞ്ഞുതരാൻ കഴിഞ്ഞിട്ടില്ല. യുഗധർമ്മം എന്താണെന്നുപോലും ആർക്കുമറിയില്ല. ഇതിനെക്കുറിച്ച് പുരാണത്തിലും മറ്റും എഴുതിവച്ചിട്ടുണ്ടെന്നല്ലാതെ മറ്റൊരറിവ് ആർക്കും അതിനെക്കുറിച്ചില്ല.

## വചനദീപ്തി

**ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്**

**ശ്രീനാരായണഗുരു**

### യാമപ്രാർത്ഥന

2018 മാർച്ച് 29 വ്യാഴം - യൂണിറ്റുകൾ സംയുക്തമായി

### പൗർണ്ണമി

2018 മാർച്ച് 30 വെള്ളി

### ജന്മഗൃഹ തീർത്ഥയാത്ര

2018 ഏപ്രിൽ 02 തിങ്കൾ

# അനുഭവംകൊണ്ട് തെളിയുന്ന സത്യം

അനേക ജന്മങ്ങളിലൂടെയുള്ള സഞ്ചിതകർമ്മത്തിന്റെ സ്മൃതിയിൽ, ഒരു മഹാ അഗ്നിപർവ്വതത്തിന്റെ ഉള്ളിൽ തിളച്ചുമറിയുന്ന ജീവശക്തിയിൽ നിന്നു പ്രവർത്തിക്കുന്ന ജീവതന്തുക്കളുടെ വീർപ്പുമുട്ടൽ പല പല നൂതന വിസ്ഫോടനങ്ങളായി മാറുന്നതുപോലെ, ദൈവനിശ്ചയത്തിന്റെ നീതിയിൽ വിതുമ്പുന്നതെന്തും അല്ലെങ്കിൽ തുളുമ്പുന്നതെന്തും ദൈവകാരുണ്യത്തിന്റെ അമൃതസ്ഫുലിംഗങ്ങളായിത്തീരുന്നു. ആ ജീവരേണുക്കളിൽ കാണുന്ന നന്മയും തിന്മയുമായിരിക്കുന്ന കർമ്മം അനേക ജന്മാന്തരങ്ങളിലൂടെ എത്തിക്കുന്ന സംപ്രാപ്തി തന്നെയായിരുന്നു. അത് ഒരു വിമോചനമതമായി മാറുന്നു.

ആ ദൈവസ്നേഹം അനുഭവംകൊണ്ട് സ്വയം തെളിഞ്ഞും തെളിയിപ്പിച്ചും സകലവിധ പടികളും കയറിയിറങ്ങി സന്നിധാനങ്ങളുടെ കാഴ്ചകൾ കണ്ട് അനുഭവിച്ചറിഞ്ഞു പോകുന്ന മനോഹരമായ കാഴ്ചയും ഈ സൗരയൂഥങ്ങളുടെ ബന്ധങ്ങളെ തിരിച്ചറിയുന്ന പ്രകാശത്തിന്റെ സ്വയംഭൂ എന്നുപറയുന്ന സ്വന്തമായി ഉദിച്ചുയരുന്ന അല്ലെങ്കിൽ ഉത്ഭവിച്ചുയരുന്ന പുതിയതായ ഒന്ന്. ആ നവജ്യോതിസ്വരൂപം എല്ലാ ആദിമ സിദ്ധാന്തവാദങ്ങളും കടന്ന് അനുഭവസാക്ഷിയായി ഒരു നവപ്രകാശം. ഒരു കോടി ദിവാകരരുദിച്ചു വരുന്നതുപോലെ പ്രകാശസ്രോതസ്സിന്റെ സൗമ്യവും നിശ്ചലതത്വമായതുമായ നിശബ്ദതയുടെ മംഗളമുഹൂർത്തധ്വനി. ശബ്ദാതിവേഗതയ്ക്കപ്പുറം അതിമനോഹരമായി വിലസുന്ന പുതിയ ഒന്നായി മാറുന്നു.

അത് നവപൂജിതമായി നില്ക്കുന്നു; മാനവരാശിയുടെ സർവ്വതിനും ഏകമായി, ഏകപ്പൊരുളായി വാക്കാണ് സത്യം, സത്യമാണ് ഗുരു, ഗുരുവാണ് ദൈവം എന്ന ആ അനുഭവമാണ് സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തം. യുഗധർമ്മത്തിന്റെ പുണ്യാതിരേകമായി നില്ക്കുന്ന ബ്രഹ്മനിശ്ചയം. ആറ് മന്വന്തരങ്ങൾ കഴിഞ്ഞ് 28 ചതുർയുഗങ്ങളായി പ്രവർത്തിച്ചൊതുക്കി നില്ക്കുന്ന ജീവസത്യം അതുതന്നെയാണ്. ദൈവമെന്നും ബ്രഹ്മമെന്നും പരബ്രഹ്മമെന്നും അനുഭവംകൊണ്ട് തെളിയുന്ന സത്യം. ആദിവേദപ്പൊരുളായി നില്ക്കുന്ന സത്യം. ആ നന്മ ഒരുമിച്ച് പങ്കിട്ടെടുക്കാനും നമുക്ക് ഒരുപോലെ കഴിയണം. അതു ലോകത്തിന്റെ സ്തുതിയായിത്തീരാനും അങ്ങയെ ഞങ്ങൾ ഒപ്പമായി നിന്ന് ഒരുമിച്ച് സ്തുതിക്കാനും സ്മരിക്കാനും അങ്ങയിൽ ഞങ്ങൾ ഒപ്പമായി ചേരാനും അങ്ങയോട് ഞങ്ങൾ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** – അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ജീവനെ പവിത്രീകരിക്കുന്ന ആ... ശ്രമം

ഗുരു ആദിസങ്കല്പത്തിൽ ലയിച്ചതിനുശേഷം നിയുക്തരായവരെക്കൊണ്ട് 72 ദിവസത്തെ പുഷ്പാഞ്ജലി ചെയ്യിച്ചിരുന്നു. എന്നാൽ ചിലരെങ്കിലും തങ്ങൾക്കു ലഭിച്ച ഈ വലിയ ഭാഗ്യത്തെ വേണ്ടവിധം മനസിലാക്കാതെ, തങ്ങൾ എന്തോ പ്രത്യേകതയുള്ള ആൾക്കാരാണെന്ന് മനസുകൊണ്ടു ധരിച്ച് ആ കർമ്മങ്ങളിൽ ഏർപ്പെട്ടപ്പോൾ സംഭവിച്ചതെന്താണ്? ഒരു ദിവസം അഭിവന്ദ്യ ശിഷ്യപൂജിത സഹകരണമന്ദിരത്തിലേക്ക് എല്ലാവരെയും വിളിപ്പിച്ച് ഈ കർമ്മം ഫലിച്ചിട്ടില്ലായെന്ന് വളരെ വേദനയോടുകൂടി അറിയിച്ചു. ആ സംഭവം എല്ലാവരുടെയും കണ്ണു തുറപ്പിച്ചു. ഗുരു, കാരുണ്യപൂർവ്വം നമുക്ക് എല്ലാം ചെയ്യുവാനുള്ള അവസരങ്ങൾ തരും. പക്ഷെ ആ കാരുണ്യത്തെ മനസിലാക്കി വിനയത്തോടും ഭക്തിയോടും കൂടി സൂക്ഷിച്ചെടുത്തില്ലെങ്കിൽ പ്രയോജനമില്ല.

ഇന്നത്തെ കാലഘട്ടത്തിൽ നമ്മൾപോലും അറിയാതെ വ്യക്തിത്വശോഷണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മൂല്യാധിഷ്ഠിതമല്ലാത്ത വിദ്യാഭ്യാസം, രക്ഷിതാക്കളുടെ അലക്ഷ്യമായ ജീവിതരീതി, സാമൂഹിക അധ:പതനം, ഭൗതിക ലോകത്തിന്റെ സ്വാധീനം എന്നിങ്ങനെ പലതാണ് ഇതിന്റെ കാരണങ്ങൾ. ഈ ശോചനീയാവസ്ഥയെ നിവർത്തിക്കാൻ ആശ്രമത്തിലെ കർമ്മങ്ങളിലൂടെ സാധ്യമാകും. മഹാന്മാരുടെ ചരിത്രവും ശാന്തിഗിരിയുടെ ചരിത്രവും ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. ജീവനിൽ വന്നുചേർന്ന വാസനാമയമായ കർമ്മഗതികളെ മാറ്റിത്തീർത്ത് ആത്മീയവഴിയിലൂടെയുള്ള മുന്നേറ്റം ഇതിന് ആവശ്യമാണ്. അതിനായി മനസ്, വാക്ക്, കർമ്മം എന്നിവയിൽ പവിത്രത കാത്തുസൂക്ഷിക്കുവാൻ ശ്രദ്ധിക്കണം. ദു:ഖങ്ങൾ മാറിപ്പോകാനും സുഖസൗകര്യങ്ങൾ നേടാനും മാത്രമാകരുത് പ്രാർത്ഥന. ദൈവേച്ഛ നടപ്പാകാൻ വേണ്ടി പ്രാർത്ഥിക്കുക. എങ്കിൽ മാത്രമെ ജീവന് പരിവർത്തനം ഉണ്ടാവുകയുള്ളൂ.

ഒരിക്കൽ അഭിവന്ദ്യ ശിഷ്യപൂജിത ചോദിച്ചു എന്താണ് ഭാഗ്യം എന്ന്. ശിഷ്യപൂജിത തന്നെ പറഞ്ഞുതന്നത്, 'വേണ്ടുന്ന സമയത്ത് വേണ്ടുന്ന രീതിയിൽ വേണ്ടുന്ന പോലെ പ്രവർത്തിക്കാനുള്ള ദൈവകാരുണ്യമാണ് ഭാഗ്യം' എന്നാണ്. ശിഷ്യന്മാരായിരിക്കുന്ന നമ്മുടെ കടമ ഗുരു എന്താണോ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് ആ ഇച്ഛ നടപ്പിലാക്കിക്കൊടുക്കുക എന്നുള്ളതാണ്. അതുതന്നെയാണ് ഗുരുവിന് നമുക്ക് കൊടുക്കാൻ സാധിക്കുന്ന ഗുരുദക്ഷിണയും.

ആ ഒരു ധന്യതയ്ക്കായി പ്രവർത്തിച്ചു അത് നന്മയായി വരുമ്പോൾ ദു:ഖം ഉണ്ടാവുക സ്വാഭാവികമാണ്. അങ്ങനെയൊരു ദു:ഖത്തിന്റെ ലക്ഷണം കാണുമ്പോൾ ഗുരുവിനെ മുറുകെ പിടിച്ചില്ലെങ്കിൽ നമ്മുടെ പാരമ്പര്യത്തിലുള്ള കുറവുകളിലേക്ക് വഴുതിപ്പോകും. ഇതിനെ അതിജീവിക്കുവാൻ ഗുരുവാക്ക് അനുസരിക്കുന്നതിലൂടെ മാത്രമെ സാധിക്കൂ. അതിലൂടെ നമ്മുടെ ജീവിതത്തിൽ പുണ്യം സമ്പാദിക്കാനും കഴിയും. ധാർമ്മികതയിലൂടെ ഓരോ കർമ്മവും ചെയ്യുമ്പോൾ ഹൃദയം ശുദ്ധമാകുന്നു. അത് നമ്മെ പവിത്രതയിലേക്ക് നയിക്കുന്നു. നമ്മുടെ ജീവനെ പവിത്രീകരിക്കുന്ന ആ... ശ്രമമാണ് ആശ്രമത്തിൽ നടക്കുന്നത്.

# 'മംഗല്യശ്രീ'യിൽ അപേക്ഷ നല്കാനുള്ള സമയപരിധി നീട്ടി

**സ്പിരിച്വൽ സോൺ:** 'മംഗല്യശ്രീ' പദ്ധതിയിൽ അവിവാഹിതരായ യുവതീയുവാക്കളുടെ പേര് വിവരങ്ങൾ നല്കാനുള്ള തീയതി നീട്ടി. മാർച്ച് 15 ആയിരുന്നു അവസാന തീയതിയായി നിശ്ചയിച്ചിരുന്നത്. പരമ്പരയിൽപ്പെട്ട 20 വയസിനു മുകളിലുള്ള പെൺകുട്ടികളും 24 വയസിനുമുകളിലുള്ള ആൺകുട്ടികളും ഫുൾ സൈസ് ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങളാണ് ശാന്തിഗിരി വിദ്യാഭവനു സമീപം പ്രവർത്തിക്കുന്ന മംഗല്യശ്രീയുടെ ഓഫീസിൽ നല്കേണ്ടത്. ഇതുവരെ വിവാഹം നടക്കാത്ത യുവതീയുവാക്കൾക്കും അപേക്ഷിക്കാവുന്നതാണ്. ആശ്രമം ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റിന്റെ ഡിവിഷനായ ഹെൽത്ത് ആന്റ് ഫാമിലി വെൽഫയറിനു കീഴിലുള്ള മംഗല്യശ്രീ, ശാന്തിഗിരി പരമ്പരയിലെ വിവാഹങ്ങൾ ഏകീകൃത സ്വഭാവത്തിൽ നടത്തുന്നതിനായി രൂപം നല്കിയ പദ്ധതിയാണ്.

ആരോഗ്യപരിചയം

# മസ്തിഷ്കാഘാതം അഥവാ സ്ട്രോക്ക്

സ്ട്രോക്ക് അഥവാ മസ്തിഷ്താഘാതത്തെപ്പറ്റി നാം അറിഞ്ഞിരിക്കണം. മസ്തിഷ്കത്തിനുണ്ടാകുന്ന ആഘാതമാണ് സ്ട്രോക്ക്. ഇതുമൂലം ശരീരം ഭാഗികമായോ പൂർണ്ണമായോ തളർന്നുപോകും. മാനസികനില തകരാറിലുമായേക്കാം. തലച്ചോറിന്റെ ചില ഭാഗങ്ങളിൽ രക്തയോട്ടം തടസപ്പെടുമ്പോൾ അവിടെ ചില ക്ഷതങ്ങൾ പ്രത്യക്ഷപ്പെടും. അപ്പോൾ ആ ഭാഗങ്ങൾ നിയന്ത്രിക്കുന്ന ശരീര അവയവങ്ങൾ തളർന്നുപോവുകയും ചെയ്യും. ചിലപ്പോൾ രക്തക്കുഴലുകൾ പൊട്ടി തലച്ചോറിലുണ്ടാകുന്ന രക്തസ്രാവവും സ്ട്രോക്കിനു കാരണമാകാം. ജീവിതശൈലീരോഗങ്ങളും ചില ഭക്ഷണശീലങ്ങളും വ്യായാമമില്ലായ്മയും തുടങ്ങി ഒട്ടനവധി കാരണങ്ങൾ സ്ട്രോക്കിനു പിന്നിലുണ്ട്.

**എങ്ങനെ തിരിച്ചറിയാം?**

ഒരാൾക്ക് സ്ട്രോക്കുണ്ടായാൽ മൂന്ന് ലക്ഷണങ്ങളിലൂടെ അത് തിരിച്ചറിയാൻ സാധിക്കും.

1. മുഖത്തെ പേശികൾ ചലിപ്പിക്കാൻ കഴിയാതിരിക്കുകയും ചുണ്ട് ഒരുവശത്തേക്ക് കോടുകയും ചെയ്യും.
2. രണ്ടു കൈകളും ഉയർത്തിപ്പിടിക്കുമ്പോൾ ഉയർത്താൻ ബുദ്ധിമുട്ട് ഉണ്ടാവുകയോ ഏതെങ്കിലും ഒരു കൈ ഉയർത്താൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ ഉയർത്തിയ കൈ താഴ്ന്നുപോവുകയോ ചെയ്യുക.
3. സംസാരിക്കാൻ കഴിയായ്കയോ ബുദ്ധിമുട്ടോ ഉണ്ടാവുക.

ഈ മൂന്ന് ലക്ഷണങ്ങൾ ഒരു മിച്ചു കണ്ടാൽ രോഗിയെ സി.റ്റി. സ്കാൻ ചെയ്യാൻ സൗകര്യമുള്ള ഒരാശുപത്രിയിലേക്ക് എത്രയും പെട്ടെന്ന് കൊണ്ടുപോകണം. അതും മൂന്നര മണിക്കൂറിനുള്ളിൽ. രക്തതടസ്സത്തിന് കാരണമായ രക്തക്കട്ടയെ അലിയിച്ചുകളയുന്ന ഐ.വി. ത്രോംബോലൈസിസ് ചികിത്സാസൗകര്യമുള്ള ആശുപത്രിയായിരിക്കണം. ഈ മൂന്നര മണിക്കൂറിനെ ഗോൾഡൻ അവർ എന്നാണ് പറയുന്നത്. അപ്പോൾതന്നെ ഈ ചികിത്സ ലഭ്യമായാൽ സ്ട്രോക്കിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കും. ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, വലിയ സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലൊക്കെ ഈ ചികിത്സ ലഭ്യമാണ്. ഈ ചികിത്സ കഴിഞ്ഞാൽ ആധുനിക ചികിത്സയിൽ രോഗിക്ക് ഫിസിയോതെറാപ്പിയാണ് നിർദ്ദേശിക്കുന്നത്. എന്നാൽ ഇതോടൊപ്പം ആയുർവേദ-സിദ്ധ ചികിത്സയും ചെയ്താൽ വളരെ പെട്ടെന്നു തന്നെ രോഗിയെ പൂർവ്വസ്ഥിതിയിലെത്തിക്കാൻ സാധിക്കും.

**ഡോ. ബി. രാജ് കുമാർ**
*അഡി. മെഡിക്കൽ സൂപ്രണ്ട്, ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ*



*'കരുണ' ബേബി ക്രഷിൽ നടത്തിയ മെഡിക്കൽ ക്യാമ്പ്*

# ശിശുപരിചരണം ലക്ഷ്യമിട്ട് 'കുഴന്തൈ മരുത്വം' ഡിപ്പാർട്ട്മെന്റ്

**എജ്യൂക്കേഷൻ സോൺ:** ശിശുപരിചരണത്തിനായി ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ കുഴന്തൈ മരുത്വം ഡിപ്പാർട്ട്മെന്റിന്റെ (പീഡിയാട്രിക്സ് വിഭാഗം) നേതൃത്വത്തിൽ ആരോഗ്യബോധവത്കരണ പരിപാടികൾക്ക് തുടക്കമായി. പരിപാടിയുടെ ഭാഗമായി ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ 'കരുണ' ബേബി ക്രഷിൽ ഹെൽത്ത് ചെക്കപ്പ് ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിനു എച്ച്.ഒ.ഡി. ഇൻചാർജ് ഡോ.വി.എ. മേഖല, അസിസ്റ്റന്റ് പ്രഫസർ ഡോ. ജയകലയരശി എന്നിവർ നേതൃത്വം നൽകി. രാവിലെ 10 മണി മുതൽ 12 മണി വരെ നടന്ന ക്യാമ്പിൽ മുപ്പതോളം കുട്ടികളെ പരിശോധിച്ചു. പന്ത്രണ്ട്, പതിമൂന്ന് ബാച്ചിലെ ക്ലിനിക്കൽ വിഭാഗം വിദ്യാർത്ഥികളും ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന്റെ തുടർച്ചയായി ഓരോ കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിന് രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവർക്ക് പ്രത്യേകം കൗൺസിലിംഗ് നൽകുമെന്ന് ക്ലിനിക്കൽ വിഭാഗം വൈസ് പ്രിൻസിപ്പാൾ ഡോ.പി.ഹരിഹരൻ അറിയിച്ചു. കോളേജിന്റെ പരിസരപ്രദേശങ്ങളിലുള്ള ഡേകെയർ കേന്ദ്രങ്ങൾ, പ്ലേ സ്കൂളുകൾ എന്നിവിടങ്ങളിലും ഇത്തരം ഹെൽത്ത് ചെക്കപ്പുകൾ സംഘടിപ്പിക്കുന്നതാണ്.

# 'ജനപ്രിയം' മധ്യവേനലവധി ക്യാമ്പ് ഏപ്രിൽ 2 മുതൽ 7 വരെ

**എജ്യൂക്കേഷൻ സോൺ:** കുട്ടികളുടെ മധ്യവേനലവധിക്കാലം ഊഷ്മളമാക്കുവാൻ ശാന്തിഗിരി വിദ്യാഭവൻ ഒരുക്കുന്ന 'ജനപ്രിയം' അവധിക്കാല ക്യാമ്പ് ഏപ്രിൽ 2 മുതൽ 7 വരെ നടക്കും. ഏപ്രിൽ രണ്ടിന് രാവിലെ 9.30 ന് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നടക്കുന്ന ചടങ്ങിൽ പ്രമുഖ സംഗീത സംവിധായകൻ സതീഷ് രാമചന്ദ്രൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

കുട്ടികളുടെ സർവതോന്മുഖമായ വികസനം ലക്ഷ്യമിട്ടു വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും ഊടും പാവും നെയ്യുന്ന ഈ ക്യാമ്പിൽ കലാ-കായിക-സാംസ്കാരികരംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ കുട്ടികളുമായി സംവദിക്കും.

ആറുദിവസം നീണ്ടു നില്ക്കുന്ന ക്യാമ്പിൽ വ്യക്തിത്വ വികസന ക്ലാസുകൾ, മോറൽ സയൻസ്, ഷോർട്ട് ഫിലിം പരിശീലനം, പ്രസംഗ പരിശീലനം, രക്തഗ്രൂപ്പ് പരിശോധന, ഗണിതപഠനം എളുപ്പമാക്കുന്നതിനുള്ള പരിശീലനം, പിക്നിക്, വിവിധ മേഖലകളിൽ മികവു പുലർത്തുന്നവരെ ആദരിക്കൽ എന്നിവ ഉണ്ടായിരിക്കും. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്.

ക്യാമ്പിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾ മാർച്ച് 27 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0471 2410326, 9947047099.



*രത്നഗിരി യൂണിറ്റിൽ ആർ.സുനിൽ കുമാറിന്റെ ഭവനമായ 'ശ്രീമോഹന'ത്തിന്റെ ഗൃഹപ്രവേശന ചടങ്ങ് മാർച്ച് 23 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിച്ചു*

# ശാന്തിഗിരി വിദ്യാഭവന് എ ഗ്രേഡ് പുരസ്കാരം

**തിരുവനന്തപുരം:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് മികവുറ്റ പ്രവർത്തനത്തിനുള്ള മലയാള മനോരമ നല്ലപാഠം എ ഗ്രേഡ് പുരസ്കാരം ലഭിച്ചു. സാമൂഹിക പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ നടത്തിയ മികവിനാണ് മലയാള മനോരമയുടെ പുരസ്കാരം ലഭിച്ചത്. ജില്ലയിലെ മറ്റ് 28 സ്കൂളുകൾക്കും പുരസ്കാരം ലഭിച്ചിട്ടുണ്ട്.

# മെഡിക്കൽ ക്യാമ്പ്

**പോത്തൻകോട്:** ഇതര സംസ്ഥാന തൊഴിലാളികൾക്കായി പോത്തൻകോട് ഗവൺമെന്റ് യു.പി. സ്കൂളിൽ വച്ച് ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ സഹകരണത്തോടെ നടത്തിയ മെഡിക്കൽ ക്യാമ്പിൽ നൂറിലേറെ പേർ പങ്കെടുത്തു. ജില്ലാ നിയമസേവന അതോറിറ്റിയുടെയും പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും ശ്രമിക് കല്യാൺ കേന്ദ്രയുടെയും ആഭിമുഖ്യത്തിലാണ് ക്യാമ്പ് നടന്നത്. ജില്ലാ ലീഗൽ അതോറിറ്റി സബ് ജഡ്ജ് ഷിജു ഷെയ്ഖ്, എസ്.എച്ച്.ആർ.ഒ. അസിസ്റ്റന്റ് ജനറൽ മാനേജർ വി. ഭദ്രൻ, അർച്ചന രാജീവ്, ഡോ. ബിന്ദിയ അശോകൻ, ഡോ. ഗോപു പി. ആർ. തുടങ്ങിയവർ സംബന്ധിച്ചു.

# ദിവംഗതരായി



*സി ജയദേവൻ*

**മണ്ണന്തല:** ശാന്തിഗിരി ആശ്രമം എസ്റ്റേറ്റ്സ് ആന്റ് അസറ്റ്സ് ഡിപ്പാർട്ട്മെന്റിൽ ഡെപ്യൂട്ടി ജനറൽ മാനേജരായി സേവനം ചെയ്തിരുന്ന മണ്ണന്തല അരുവിയോട് 'അക്ഷയ'യിൽ ദിവംഗതനായ ചെല്ലപ്പന്റെ മകൻ ജയദേവൻ സി. (64) മാർച്ച് 21 ന് ദിവംഗതനായി.

സംസ്കാരം നടന്നു. ഖാദി ബോർഡിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്നു. ഭാര്യ: എം ജയശ്രീ (ഡെപ്യൂട്ടി ഡയറക്ടർ, സോയിൽ സർവെ). മക്കൾ: പ്രമിൽദേവ് (കമ്പനി സെക്രട്ടറി, ബെംഗളൂരു), ശ്രീദേവി ജെ. (ഖത്തർ, എയർവേയ്സ്), മരുമകൻ: മിഥുൻ എസ്. ബാബു (എൻജിനീയർ, ഖത്തർ). സഹോദരങ്ങൾ: സി. ദേവരാജൻ, ആ



*സുശീല അമ്മ*

**പട്ടം:** മുറിഞ്ഞപാലം നളന്ദ ഗാർഡൻസ് സിആർഎ 48 ൽ എൻ. പുരുഷോത്തമൻനായരുടെ ഭാര്യ സുശീല അമ്മ (73) മാർച്ച് 19 ന് ദിവംഗതയായി. സംസ്കാരം നടന്നു. സിന്ധുബേബി പി.എസ്, സന്തോഷ് പി. (കംപ്യൂട്ടർ പ്രോഗ്രാമർ, ഓഫീസ് ഓഫ് ദി ഓർഗനൈസിംഗ് സെക്രട്ടറി, ശാന്തിഗിരി ആശ്രമം), സതീഷ് പി. മരുമക്കൾ: പത്മകുമാർ സി. ഇ., ശാലിനി വി.കെ., ഹരിജ കെ.എസ്. സഞ്ചയനം ഇന്ന് രാവിലെ 8.30 ന് നടക്കും.

ശ്രമം അഡ്വൈസറി കമ്മറ്റി അംഗങ്ങളായ അഡ്വ. പ്രസന്നകുമാരി പി, ദേവദത്തൻ സി.

# കുട്ടികളുടെ അവധിക്കാല പരിശീലന കളരി ഏപ്രിൽ 2 മുതൽ മെയ് 2 വരെ

### രക്ഷിതാക്കളുടെ ബോധവത്കരണ ക്ലാസ് ഇന്ന്

**സ്പിരിചൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി ഒരു മാസം നീളുന്ന അവധിക്കാല പരിശീലന കളരി സംഘടിപ്പിക്കും. ഏപ്രിൽ 2 ന് ആരംഭിക്കുന്ന പരിശീലന കളരിയിൽ ശാന്തിഗിരി ഗുരുകാന്തി കുട്ടികൾക്കും ഏഴാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള മുതിർന്ന കുട്ടികൾക്കും പ്രത്യേകം ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. ശ്രീഗുരുഗീത ക്ലാസ്, സന്മാർഗപാഠം, വ്യക്തിത്വ വികസനം, നേതൃപാടവം, പ്രസംഗപരിശീലനം, ഓർമ്മ പരിശീലന ക്ലാസ്, സംഗീത ക്ലാസ്, ഡ്രോയിംഗ് ക്ലാസ്, ക്ലേ മോഡലിംഗ്, പേപ്പർ ക്രാഫ്റ്റ് ട്രെയിനിംഗ്, ഫേബ്രിക് പെയിന്റിംഗ്, വിനോദയാത്ര, ആയോധനകലാ പരിശീലനം, നാടൻപാട്ട് പരിശീലനം, ഇംഗ്ലീഷ്-ഹിന്ദി ഭാഷാപഠനം, ഓർണമെന്റ് മെയ്ക്കിംഗ്, കലാകായിക വിനോദ പരിപാടികൾ തുടങ്ങിയവ പരിശീലന കളരിയുടെ ഭാഗമായി നടക്കും. മുതിർന്ന കുട്ടികൾക്കായി നടത്തുന്ന പരിശീലന കളരിയുടെ ഭാഗമായി ഏഴ് ദിവസത്തെ സഹവാസ ക്യാമ്പും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സംഘടിപ്പിക്കുന്നതാണ്.

അവധിക്കാല ക്യാമ്പിന്റെ രജിസ്ട്രേഷൻ കാര്യങ്ങൾ യൂണിറ്റ് കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി നിർവഹിക്കുന്നതാണ്. ക്യാമ്പിനു മുന്നോടിയായുള്ള ശാന്തിഗിരി ഗുരുകാന്തിയിലെ കുട്ടികളുടെ രക്ഷിതാക്കൾക്കായി ബോധവത്കരണ ക്ലാസ് ഇന്ന് നടക്കും. രാവിലെ 9.30 ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ നടക്കുന്ന ക്ലാസിൽ പ്രശസ്ത മനശാസ്ത്ര വിദഗ്ദ്ധൻ ഡോ. ബി. ജയപ്രകാശ് പ്രഭാഷണം നടത്തും. ഈ ക്ലാസിൽ എല്ലാ രക്ഷിതാക്കളും പങ്കെടുക്കണമെന്ന് ഗൃഹസ്ഥാശ്രമസംഘത്തിൽ നിന്നും അറിയിച്ചു.



*ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ട്രെയിനിംഗ് ഓറിയന്റേഷൻ പ്രോഗ്രാമിൽ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി സംസാരിക്കുന്നു*

# ഡിപ്പാർട്ട്മെന്റ് ചുമതലക്കാർക്കായി പരിശീലന പരിപാടി

**സ്പിരിചൽ സോൺ:** ആശ്രമത്തിലെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ചുമതലക്കാർക്കായി ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവല്പ്മെന്റിന്റെ ആഭിമുഖ്യത്തിൽ ട്രെയിനിംഗ് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. മാർച്ച് 23, 24 തീയതികളിലായി സംഘടിപ്പിച്ച പരിപാടിയിൽ ഡിപ്പാർട്ട്മെന്റ് ഇൻചാർജുമാരും അസിസ്റ്റന്റ് ജനറൽ മാനേജർ മുതൽ സീനിയർ ജനറൽ മാനേജർ വരെയുള്ള മാനേജർമാരും പങ്കെടുത്തു. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്പ്മെന്റ് ഇൻചാർജ്ജ് സ്വാമി ഗുരുനന്ദ് ജ്ഞാന തപസ്വിയും ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് സീനിയർ ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) ഡോ. കെ.ആർ.എസ്. നായരും പ്രസന്റേഷനുകൾ നടത്തി. രണ്ടാം ദിവസമായ 24 ാം തീയതി ഔദ്യോഗിക പദവിയിലെ കാര്യശ്രേഷ്ഠത (Role Efficacy) കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി ഡോ. കെ.ആർ.എസ്. നായരുടെ നേതൃത്വത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു. മാനേജർമാർക്ക് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം എല്ലാ കർമ്മചാരികളിലേക്കും ട്രെയിനിംഗിന്റെ ആവശ്യകതയെ എത്തിക്കുക എന്ന ലക്ഷ്യത്തിലാണ് ഈ പരിപാടി സംഘടിപ്പിക്കപ്പെട്ടത്. കർമ്മചാരികൾക്കു തങ്ങളുടെ പ്രവർത്തനമേഖലകളിൽ ട്രെയിനിംഗ് നല്കിക്കൊണ്ട് ആശ്രമത്തിന്റെ മൊത്തം ഭരണനിർവ്വഹണസംവിധാനത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്പ്മെന്റിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമെന്നും നിപുണരായ പരിശീലകരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുമെന്നും ഡോ. കെ.ആർ.എസ് നായർ അറിയിച്ചു.

# വിവാഹിതരായി



അടൂർ പെരിങ്ങനാട് 'വിപഞ്ചിക'യിൽ കെ.എസ്. സദാശിവന്റെയും സുശീലയുടെയും മകൻ ബ്രിസ്മിക് എസ്. സദനും കരുനാഗപ്പള്ളി തേവലക്കര അരിനല്ലൂർ 'ഗുരുദാന'ത്തിൽ എസ്. സുരേഷ്കുമാറിന്റെയും തനൂജയുടെയും മകൾ ജനനിധിയും മാർച്ച് 19 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



നെയ്യാറ്റിൻകര കഴുവൂർ പ്ലാവിള 'അംബുജ'ത്തിൽ എ. മണിയന്റെയും എസ്.സുദർശനയുടെയും മകൻ സിദ്ധാർത്ഥനും വർക്കല ചിലക്കൂർ കിഴക്കേവിള എസ്. സലിംകുമാറിന്റെയും എസ്. ചന്ദ്രികയുടെയും മകൾ പ്രിയലതയും മാർച്ച് 19 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

# സ്ഥാനക്കയറ്റം നല്കി

**സ്പിരിചൽ സോൺ:** മാർച്ച് 20 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഇനി പറയുന്നവർക്ക് സ്ഥാനക്കയറ്റം നല്കുന്നതാണ്. പേരും പുതിയ തസ്തികയും ചുവടെ ചേർത്തിരിക്കുന്നു.

**എൻ. സോമരാജൻ**, ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) ഫിനാൻസ്
**രാമകൃഷ്ണൻ പി.പി.**, അഡീഷണൽ ജനറൽ മാനേജർ (ഫിനാൻസ്)
**വേലായുധൻ കെ.**, അഡീഷണൽ ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ)
ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ
**രവീന്ദ്രൻ കെ.**, ഡെപ്യൂട്ടി ജനറൽ മാനേജർ (കോഡിനേഷൻ), ജനറൽ അഡ്മിനിസ്ട്രേഷൻ
**ബൈജു റ്റി.റ്റി.**, ഡെപ്യൂട്ടി ജനറൽ മാനേജർ (ടാക്സേഷൻ)
**ഗോപാലകൃഷ്ണൻ വി.എൻ**, അസിസ്റ്റന്റ് ജനറൽ മാനേജർ (സ്പിരിചൽ സോൺ സർവീസസ്)
**വിജയൻ കെ.വി.**, അസിസ്റ്റന്റ് ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ)
ശാന്തിഗിരി ആശ്രമം ചേർത്തല ഏരിയ
**ജയപ്രതാപ് എ.പി.**, അസിസ്റ്റന്റ് ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ)
ശാന്തിഗിരി കമ്യൂണിറ്റി കിച്ചൺ
**വിജയൻ ഐ.**, അസിസ്റ്റന്റ് ജനറൽ മാനേജർ (സ്പിരിചൽ സോൺ ഓപ്പറേഷൻസ്)
**പ്രദീപ് കുമാർ പി.ഡി**, അസിസ്റ്റന്റ് ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) അക്കോമഡേഷൻ



എൻ.സോമരാജൻ



രാമകൃഷ്ണൻ പി.പി.



വേലായുധൻ കെ.



രവീന്ദ്രൻ കെ.



ബൈജു റ്റി.റ്റി.



ഗോപാലകൃഷ്ണൻ



വിജയൻ കെ.വി.



ജയപ്രതാപ് എ.പി.



വിജയൻ ഐ.



പ്രദീപ്കുമാർ പി.ഡി.

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini Editor: T. Sasimohan Senior Co-ordinating Editor: Anil Cherthala